**വിവരാവകാശം / മറുപടി**

നമ്പർ: E6-17117/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 15.12.2018

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ, തിരുവനന്തപുരം.

ശ്രീ. പി.മോഹനൻ,
പഴയമ്പള്ളിച്ചിറ,
കുടവെച്ചൂർ പി.ഒ
വൈക്കം.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: 5.12.18 തീയതിയിലെ താങ്കളുടെ അപേക്ഷ.

സൂചന പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയ്ക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. താങ്കൾക്ക് ഫാമിലി പെൻഷൻ ലഭ്യമാക്കുന്നതിനും താങ്കൾക്കും അവകാശികളായ 2 മക്കൾക്കും DCRG ആനുകൂല്യം ലഭിക്കുന്നതിനുമായി LPC, ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് എന്നിവ വൈക്കം സബ് ട്രഷറി ഓഫീസർക്ക് ഈ കാര്യാലയത്തിൽ നിന്നും 13.11.2018ലെ ഇ6-8194/18 നം. കത്ത് പ്രകാരം രജിസ്റ്റേർഡ് തപാൽ മുഖേന നൽകിയിട്ടുണ്ട്. മരണപ്പെട്ട K.K.ഗിരിജയുടെ ആർജ്ജിതാവധി അക്കൗണ്ടിൽ ക്രെഡിറ്റിലുണ്ടായിരുന്ന 63 ദിവസത്തെ അവധി ടെർമിനൽ സറണ്ടർ ചെയ്ത് ആനുകൂല്യം താങ്കൾക്കും അവകാശികളായ 2 മക്കൾക്കുമായി നൽകുന്നതിന് 3.7.2018ലെ ഇ6-8194/18 നം. ഉത്തരവ് പ്രകാരം വൈക്കം സി.ഡി.പി.ഒയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. തുക മാറി നൽകേണ്ടത് വൈക്കം സി.ഡി.പി.ഒയാണ്.
2. GPF, GIS, Pay Revision Arrear, ELS എന്നിവ വൈക്കം ശിശുവികസന പദ്ധതി ഓഫീസിൽ നിന്നും താങ്കൾക്കും അവകാശികൾക്കും മാറി നൽകേണ്ടതിനാൽ ആയവ ലഭ്യമാക്കാത്തതു സംബന്ധിച്ച് വൈക്കം ശിശുവികസന പദ്ധതി ആഫീസിൽ നിന്നും

*db@18*

താങ്കൾക്ക് നേരിട്ട് മറുപടി ലഭ്യമാക്കുന്നതിന് അപേക്ഷയുടെ പകർപ്പ് വൈക്കം CDPO-യ്ക്ക് കത്ത് സഹിതം നൽകുന്നു.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ ശ്രീമതി. ഗീത.കെ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

എസ്. രാജീവ്കുമാർ
സീനിയർ സൂപ്രണ്ട് &
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

ഉള്ളടക്കം:- 1) വൈക്കം സി.ഡി.പി.ഒയ്ക്കുള്ള കത്തിന്റെ പകർപ്പ്.

db@18

ഭരണഭാഷ – മാതൃഭാഷ

No. ICDS/VKM/88/2019

ശിശുവികസന പദ്ധതി
ഓഫീസറുടെ കാര്യാലയം, വൈക്കം
തീയതി: 05/01/2019

ശിശുവികസന പദ്ധതി ആഫീസർ
വൈക്കം

പി. മോഹനൻ
പഴയമ്പള്ളിച്ചിറ
കുടവെച്ചൂർ പി.ഒ
വൈക്കം

സർ,

വിഷയം:- ഐ.സി.ഡി.എസ് വൈക്കം-വിവരാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷയിൻമേൽ മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന:-1) സാമൂഹ്യനീതി ഡയറക്ടറുടെ 15.12.2018 തീയതിയിലെ ഇ6-17/117/18 നമ്പർ കത്ത്.

2) താങ്കളുടെ 05.12.2018 തീയതിയിലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

മേൽ 2-ാം സൂചന പ്രകാരം താങ്കൾ സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയുടെ മറുപടിയിലേക്കായി ഈ കാര്യാലയത്തിൽ നിന്നും സ്വീകരിച്ച നടപടികളുടെ വിവരം താങ്കളെ അറിയിക്കണമെന്ന് സൂചന 1 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം ഈ കാര്യാലയത്തിൽ നിന്നും സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ ചേർക്കുന്നു.

ഈ കാര്യാലയത്തിലെ ടൈപ്പിസ്റ്റായിരിക്കെ മരണമടഞ്ഞ ശ്രീമതി. കെ.കെ ഗിരിജയുടെ ജി.പി.എഫ്, ആർജിതാവധി സറണ്ടർ എന്നിവ അനുവദിച്ചുകൊണ്ട് ഉത്തരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ഡിപ്പാർട്മെന്റ് വിഭജനത്തെതുടർന്ന് സ്പാർക്കിൽ നിന്നും ശ്രീമതി. ഗിരിജയുടെ പെൻനമ്പർ നീക്കംചെയ്യപ്പെട്ടതിനാൽ തുക മാറുവാൻ സാധിച്ചിട്ടില്ല. ആയത് പലതവണ കത്ത് നൽകിയതിനെ തുടർന്ന് സ്പാർക്കിൽ നിന്നും 28.12.2018 തീയതിയാണ് അപ്ഡേറ്റ് ചെയ്ത് നൽകിയിട്ടുള്ളത്. ആയത് കാലതാമസം കൂടാതെ ഉടൻ മാറി നൽകുന്നതാണ്. ജി.ഐ.എസ്സിന്റെ തുക അനുവദിക്കുന്നതിന് യഥാസമയം ഈ കാര്യാലയത്തിൽ നിന്നും അപേക്ഷ ഓൺലൈൻ ഫോർവേഡ് ചെയ്തിട്ടുള്ളതും ആയതിന്റെ അന്വേഷണത്തിലേക്കായി ജില്ലാ ഇൻഷുറൻസ് ഓഫീസിൽ നിന്നും വന്ന് വെരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. തുക അനുവദിച്ച കത്ത് ഇതുവരെ ലഭ്യമായിട്ടില്ല. പേറിവിഷൻ അരിയർ ശ്രീമതി. കെ.കെ ഗിരിജ സേവനം അനുഷ്ഠിച്ചിരുന്ന കോട്ടയം ജില്ലയിലെ പള്ളം ഐ.സി.ഡി.എസ്സിൽ നിന്നുമാണ് മാറിനൽകേണ്ടത്. ആയത് ഈ കാര്യാലയത്തിൽ നിന്നും മാറിനൽകുവാൻ സാധിക്കുകയില്ല എന്ന വിവരം ഇതോടൊപ്പം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

ശിശുവികസന പദ്ധതി ഓഫീസർ
വൈക്കം